# <u>പത്രക്കുറിപ്പ്</u>

മലപ്പുറം ജില്ലാ പഞ്ചായത്തും, ശുചിത്വമിഷനും സന്നദ്ധസംഘടനകളുമായി കൈകോർത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി ''ഗ്രീൻ ആന്റ് ക്ലീൻ സിവിൽ സ്റ്റേഷൻ മലപ്പുറം'' എന്ന പേരിൽ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തും ഫ്ര ്സ് ഓഫ് നേച്ചറും സംയുക്തമായി 2017 ജനുവരി 21 ന് മലപ്പുറം സിവിൽ സ്റ്റേഷനിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു. സിവിൽ സ്റ്റേഷനിലെ സ്ഥാപനങ്ങളും, പരിസരവും ശുചിയായും സുന്ദരമായും പരിപാലിക്കുകയും, പച്ചക്കറി ത്തോട്ടം, പൂന്തോട്ടം, തണൽമരങ്ങളും, ഔഷധചെടികളും വച്ചുപിടിപ്പിക്കൽ, ഹരിത വഴി കൾ തയ്യാറാക്കൽ, കുടിവെള്ള സംരക്ഷണം, തണലിരിപ്പിടങ്ങൾ തയ്യാറാക്കൽ എന്നിവ പരിപാടിയിൽ ഉൾപ്പെടുത്തും. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ഉത്ഘാടനം ചെയ്ത ശിൽപശാലയിൽ ശുചിത്വമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ മാലിന്യ സംസ്ക രണത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.